61 (61) ക്രമസമാധാനം

ശ്രീ. കെ. സുധാകരൻ :

ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന അക്രമങ്ങളും കൊലപാതകങ്ങളും കവർച്ചകളും നിയന്ത്രിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) അക്രമം നിയന്ത്രിക്കാൻ ചുമതലപ്പെടുത്തിയിട്ടുള്ള പോലീസിനെ ആക്രമിക്കുകയും കൃത്യനിർവ്വഹണത്തെ തടസ്സപ്പെടുത്തുകയും ചെയ്യുന്ന പ്രവണത വർദ്ധിച്ചുവരുന്ന കാര്യം ഗവൺമെന്റിന് അറിവുണ്ടോ;

(സി) പോലീസുകാർ തന്നെ അക്രമ പ്രവർത്തനങ്ങളിലും പിടിച്ചുപറിയിലും പ്രതികളാകുന്ന സംഭവങ്ങൾ വർദ്ധിച്ചുവരുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിൽ വന്നിട്ടുണ്ടോ;

(ഡി) സുപ്രധാന കുറ്റകൃത്യങ്ങളുടെ അന്വേഷണ രീതികളെയും അന്വേഷണ പുരോഗതിയെയും കുറിച്ചുള്ള വിവരങ്ങൾ പോലീസ് തന്നെ ചോർത്തി മീഡിയയ്ക്കു കൊടുക്കുന്നതുമൂലം കുറ്റവാളികൾ രക്ഷപ്പെടുന്നതിനുള്ള വഴിയൊരുക്കിക്കൊടുക്കുന്നുണ്ടെന്ന ആക്ഷേപം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ക്രമസമാധാന നില സാധാരണ നിലയിലാക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് അക്രമങ്ങളും മറ്റ് കുറ്റകൃത്യങ്ങളും കുറഞ്ഞുവരികയാണ്. കുറ്റകൃത്യങ്ങൾ തടയുന്നതിനും അവ ഉണ്ടായാൽ അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിനും വേണ്ടി സംസ്ഥാനത്തെ 3 നഗരങ്ങളിലെ ഫ്ളൈയിംഗ് സ്കോഡ് കൺട്രോൾ റൂം വിപുലീകരിച്ച് പ്രവർത്തനം നടത്തുന്നു. ഡയൽ 100 സംവിധാനത്തോടുകൂടി കൺട്രോൾ റൂമും ഫ്ളൈയിംഗ് സ്കോഡ് സംവിധാനവും കൊല്ലം, കോട്ടയം, പാലക്കാട്, കണ്ണൂർ, തൃശ്ശൂർ എന്നീ പട്ടണങ്ങളിലും ആരംഭിച്ചിട്ടുണ്ട്. എല്ലാ താലൂക്ക് ആസ്ഥാനങ്ങളിലും ഫ്ളൈയിംഗ് സ്കോഡ് സംവിധാനം ഏർപ്പെടുത്താൻ തീരുമാനമായിട്ടുണ്ട്. കുറ്റകൃത്യങ്ങളെപ്പറ്റി പൊതുജനങ്ങൾക്ക് പോലീസിന് വിവരം നൽകുന്നതിനായി ക്രൈം സ്റ്റോപ്പർ സംവിധാനം എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് ക്രമസമാധാനപാലനം ശക്തിപ്പെടുത്തുന്നതിനും തീവ്രവാദ പ്രവർത്തനമുണ്ടായാൽ അവ അമർച്ച ചെയ്യുന്നതിനുമായി കേരളാ റൈഫിൾസ് എന്ന പേരിൽ 3 സായുധ സേനാബറ്റാലിയനുകൾ രൂപീകരിക്കുവാൻ ഉത്തരവായിട്ടുണ്ട്. രാത്രികാലങ്ങളിലെ കുറ്റകൃത്യങ്ങൾ തടയുന്നതിന് നഗരങ്ങളിൽ പാന്തർ പെട്രോളിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇന്റർനെറ്റ് സംവിധാനത്തിൽ കേരളാ പോലീസ് ഒരു വെബ്സൈറ്റ് ആരംഭിച്ചിട്ടുണ്ട്. ഇലക്ട്രോണിക് മെയിൽ സംവിധാനത്തിലൂടെ കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള വിവരങ്ങളും പരാതികളും കൈകാര്യം ചെയ്യുന്നതിനുവേണ്ടിയുള്ള ഒരു ഹൈടെക് കൺട്രോൾ റൂം കൊല്ലം ജില്ലയിൽ സ്ഥാപിച്ചിട്ടുണ്ട്.

(ബി) വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ചില ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇല്ല.

(ഇ) ക്രമസമാധാനനില തികച്ചും സാധാരണ നിലയിലാണ്.

62 (62) കൊലപാതകങ്ങൾ

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് നിലവിൽ വന്നതിനുശേഷം എത്ര കൊല പാതകങ്ങൾ നടന്നിട്ടുണ്ട്; എത്ര കൊലപാതക ശ്രമങ്ങൾ നടന്നിട്ടുണ്ട്;

(ബി) കൊല ചെയ്യപ്പെട്ടവരിൽ എത്ര വീതം സ്ത്രീകൾ, കുട്ടികൾ, പുരുഷൻമാർ എന്നിവർ ഉണ്ടെന്ന് അറിയിക്കുമോ;

(സി) ഒരേ സംഭവത്തിൽ ഒന്നിലധികം പേർ കൊല്ലപ്പെട്ട എത്ര സംഭ വങ്ങൾ ഉണ്ടായിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)മുതൽ (സി) വരെ വിവരം ശേഖരിച്ചു വരുന്നു.

63 (63) രാഷ്ട്രീയ കൊലപാതകങ്ങൾ

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1991 മുതൽ 1998 വരെ സംസ്ഥാനത്ത് നടന്നിട്ടുള്ള രാഷ്ട്രീയ കൊലപാതകങ്ങൾ എത്രയാണ്; വർഷം തിരിച്ചും ജില്ല തിരിച്ചും ഉള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) ഈ സംഭവങ്ങളിൽ കൊല്ലപ്പെട്ടവർ ഏതൊക്കെ രാഷ്ട്രീയ പാർട്ടിയിൽപ്പെട്ടവരാണെന്ന് കക്ഷി തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) ഈ സംഭവങ്ങളിലെ പ്രതികളുടെ കക്ഷി തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ?

ഉത്തരം

(എ) 127 (നൂറ്റി ഇരുപത്തിയേഴ്) രാഷ്ട്രീയ കൊലപാതകങ്ങൾ. കൂടുതൽ വിവരങ്ങൾ അടങ്ങിയ സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർത്തിരി ക്കുന്നു.†

(ബി)

1.	കോൺഗ്രസ്(ഐ)/ ഐ.എൻ.ടി.യു.സി/ യൂത്ത് കോൺഗ്രസ്/കെ.എസ്.യു	:	37
2.	സി.പി.എം/സി.ഐ.റ്റി.യു/ ഡി.വൈ.എഫ്.ഐ/ എസ്.എഫ്.ഐ	:	43
3.	ബി.ജെ.പി./ആർ.എസ്.എസ്/ ബി.എം.എസ്/എ.ബി.വി.പി	:	38

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly